(സി) പ്രസ്തുത റിപ്പോർട്ടനുസരിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ;

(ഡി) സ്ഫോടനത്തിൽ കേടുപാടുകൾ പറ്റിയതിന് എപ്പോൾ നഷ്ടപരിഹാരം നൽകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 21-4-2012-ന് എ.ആർ. ക്യാമ്പിൽ സ്ഫോടകവസ്തുക്കൾ നിർവീര്യ മാക്കുമ്പോഴുണ്ടായ സ്ഫോടനത്തിന്റെ ആഘാതത്തിൽ സമീപത്തുള്ള വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചത് സംബന്ധിച്ച് 23-4-2012-ന് ജില്ലാ കളക്ടർ മുമ്പാകെ പരാതികൾ ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് 162 പേരുടെ പരാതികൾ ജില്ലാ കളക്ടർ മുമ്പാകെ ലഭിച്ചിട്ടുള്ളതും പോലീസിൽ പരാതികളൊന്നും ലഭിച്ചിട്ടില്ലാത്തതുമാണ്. പരാതി നൽകിയവരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സ്ഥലം എം.എൽ.എ. നൽകിയ കത്ത് അടിയന്തര റിപ്പോർട്ടിനായി 2-7-2014-ന് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ഡി) ഈ വിഷയത്തിൽ നഷ്ടപരിഹാരം ആവശ്യപ്പെട്ട് പരാതിക്കാരിൽ ഉൾപ്പെട്ട ശ്രീ. റ്റി. പി. സുരേന്ദ്രൻ മുതൽപേർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽചെയ്ത ഡബ്ല്യു.പി.സി.-18873/14 നമ്പർ കേസ് നിലവിലുണ്ട്. ആയതിന്മേലുള്ള വിധിയുടെകൂടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ജനസമ്പർക്ക പരിപാടിക്ക് ഐക്യരാഷ്ട്രസഭയുടെ പുരസ്കാരം

97 (101) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ജനങ്ങളെ നേരിൽ കണ്ട് അവരുടെ പ്രയാസങ്ങൾ പരിഹരിക്കുകയും അവയിൽനിന്ന് പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന സംസ്ഥാനത്തെ ഭരണരീതിക്ക് ഐക്യരാഷ്ട്രസഭയുടെ പുരസ്കാരം ലഭിച്ചിട്ടുണ്ടോ ;

(ബി) ആയത് സംബന്ധിച്ച് യു.എൻ.ഡി.പി.-യുടെ അഭിപ്രായങ്ങൾ എന്തെല്ലാമായിരുന്നു ; വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഭരണരീതി പഠന വിധേയമാക്കുവാൻ യു.എൻ.ഡി.പി. തീരുമാനിച്ചതായി അറിയാമോ ; എങ്കിൽ വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഐക്യരാഷ്ട്ര സംഘടന ആഗോളതലത്തിൽ പബ്ലിക് സർവ്വീസസിന് നൽകുന്ന ഉന്നതമായ അവാർഡ് (UN Public Service Award 2013) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് ലഭിച്ചിട്ടുണ്ട്.

(ബി & സി) ഇ-ഗവേണൻസിലൂടെയും വെബ് ടെലികാസ്റ്റിങ്ങിലൂടെയും 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾസെന്ററിലൂടെയും സുതാര്യമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട് നടത്തിയ ജനസമ്പർക്ക പരിപാടിയെക്കുറിച്ചും യു.എൻ. ഡി.പി.-യുടെ ഡെമോക്രാറ്റിക് ഗവേണൻസ് ഗ്രൂപ്പിന്റെ ഡയറക്ടർ മതിപ്പ് രേഖപ്പെടുത്തുകയും ഈ നൂതനരീതി ആഫ്രിക്കയിലേയും ഏഷ്യയിലേയും ലാറ്റിൻ അമേരിക്കയിലേയും മറ്റ് രാജ്യങ്ങൾ പഠിക്കേണ്ടതുണ്ടെന്നും അഭിപ്രായപ്പെടുകയുണ്ടായി. പ്രസ്തുത ഭരണരീതി പഠിക്കുവാൻ യു.എൻ.ഡി.പി.-ക്ക് താത്പര്യമുണ്ടെന്നും അതിനായി കേരളം സന്ദർശിക്കാമെന്നും അവർ അറിയിച്ചിട്ടുണ്ട്.

നീര ടോഡി ബോർഡ് രൂപീകരണം

98 (102) ശ്രീ. കെ. ശിവദാൻ നായർ:
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഹൈബി ഈഡൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നീര ടോഡി ബോർഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ബോർഡിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത ബോർഡിന്റെ സാദ്ധ്യത, ഘടന എന്നിവയെക്കുറിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ കള്ള് വ്യവസായം നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം നിർദ്ദേശിക്കുവാനും നീരയുടെ ഉത്പാദനവും വിപണനവും സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുവാനുമായി എക്സൈസ് കമ്മീഷണർ അദ്ധ്യക്ഷനായി 10 അംഗ ഉന്നതതല കമ്മിറ്റിയെ സർക്കാർ നിയമിച്ചിരുന്നു. ടി കമ്മിറ്റി 2013 മെയ് മാസത്തിൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടോഡി-നീര ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച